KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS


# കലിക

## ഡിജിറ്റൽ മാസിക




## ഗവ.എച്ച്. എസ്.എസ് വലിയഴീക്കൽ





# സന്ദേശം






ഗവ.എച്ച്
.എസ്.എസ്.വലിയഴീക്കൽ
ആവിഷ്കരിക്കുന്ന  കലിക
ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും
ആശംസിക്കുന്നു.ലിറ്റിൽ കൈറ്റ്സ്
നടപ്പിലാക്കുന്ന ഈ സംരംഭം ഒത്തിരി
പ്രതീക്ഷകൾപകരട്ടെ. ആശംസകൾ

സൂസൻ കോശി

**ഹെഡ് മിസ്ട്രസ്സ്**

18-1-2019

## ആശംസകൾ



എഴുത്ത് വഴികൾ ജീവിതത്തിൻെറ പ്രധാന രേഖകളാണ്. ലിറ്റിൽകൈറ്റ്സ് നേതൃത്വം നൽകുന്ന 'കലിക' എന്ന മാഗസിൻ സമാനതകളില്ലാത്ത സർഗക്രുട്ടായ്മയായി വരട്ടെ.....

ആശംസകളോടെ

**ഗോപാലകൃഷ്ണൻ**

**വാർഡ് മെമ്പർ**

18-1-2019

# ആശംസകൾ



നമ്മുടെ ഈ പള്ളിക്കൂടത്തിൻെറ ഒരു സർഗ്ഗ സാന്നിധ്യമാണ് **ലിറ്റിൽ കൈറ്റ്സ്**-ൻെറ നേതൃത്വത്തിലുള്ള'**കലികാ**'മാസിക.സാങ്കേതിക വിദ്യയുടെ നൂതനമായ സംയോജനംകൊണ്ടും സർഗ്ഗസൃഷ്ടികൾ കൊണ്ടും ഈ സംരംഭം മാതൃകാപരമാകട്ടേ......

ആശംസകളോട

**സാബു.എ**

**പി.ടി.എ പ്രസിഡന്റ്**

18-1-2019



കുഞ്ഞുകൈകളിലൂടെ കലിക വിരിഞ്ഞ്
വർണവിസ്മയം തീർക്കട്ടെ.
പൊതു ഇടങ്ങൾ
സുഗന്ധപൂരിതമാകട്ടെ.ഗവ.എച്ച്.എസ് എസ്
വലിയഴീക്കലിന്റെ ലിറ്റിൽ കൈറ്റ്സ് ടീമിന് എന്റെ
എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**രാധാകൃഷ്ണൻ M**


**മുൻ പി.ടി.എ പ്രസിഡന്റ്**

18-1-2019

## ഉള്ളടക്കം


ആമുഖം.....6
.....7
അതിജീവനമീജീവിതം.....7
തത്തമ്മ.....8
സി.വി.ശ്രീരാമൻ.....9
അഴകായൊഴുകും ആലപ്പുഴ.....11
അമ്മ.....12
പഴഞ്ചൊല്ലുകൾ.....13
മുത്തശ്ശി മാവ് കഥപറയുന്നു.....14
പൂപ്പാട്ട്.....15
ആനയും കുട്ടിയും.....16
അന്ധർ.....17
പശ്ചാത്താപം.....18
ലഹരിയുടെ ഉപയോഗം കേരളത്തിൽ.....19
പി.ഭാസ്കരൻ (1924-2007).....21
പൂങ്കാവനം.....22
അമ്മതൻ മടിത്തട്ട്.....23
.....24
ധാർമ്മികബോധം വിദ്യാർത്ഥികളിൽ.....24
സൗഹൃദം.....26
വനവും മൃഗങ്ങളും.....27
സനേഹദൂരം.....28
ദിമ്പൻ വമ്പൻ.....29
സാഹിത്യം.....30
മനസ്സിലെ മൺവീണ.....31
മഹത് വചനങ്ങൾ.....33
ആൽമരത്തിന്റെ സങ്കടം.....35
യുദ്ധം വരുത്തി വയ്ക്കുന്ന നഷ്ടങ്ങളും യുദ്ധത്തിന്റ നിഷ്ഫലതയും.....36



## ആമുഖം

ഇത് ഒരു വിജ്ഞാന സൗഹൃദ സംരഭമാണ്.അക്ഷരങ്ങൾക്ക് വർണം പകർന്ന് കുഞ്ഞുമനസ്സുകൾ ഭാവനയിൽ പകർന്ന് നൽകുന്ന സർഗ സമ്മാനം.വാക്കും വരയും നേരും നാട്ടറിവും സാങ്കേതിക വിദ്യയും സമഭാവത്തിൽ ഊയലാട്ടുന്ന കാഴ്ച ഈ 'കലിക'യുടെ പ്രത്യേകതയാണ്.ലിറ്റിൽ കൈറ്റ്സ് നേതൃത്വം നൽകുന്ന ഈ ഉദ്യമത്തിൽ അക്ഷരമനസ്സ് ഇഴ ചേർന്നിരിക്കുന്നു.

എഡിറ്റോറിയൽ ബോർഡ്
ലിറ്റിൽ കൈറ്റ്സ്

# അതിജീവനമീജീവിതം

അതിജീവനമീജീവിതം
അതിനതിരില്ലെന്നീ മാനവം
ചിറകുകളൊരുമയിലൊരേ
സ്വരത്തിൽ



സൂര്യമുഖം തേടുന്ന,ഞങ്ങൾ
ഉയിർത്തെണീറ്റുവരുന്നു
കാവ്യദളം കഥ
ചൊല്ലിയുണർത്തും
കൈരളിതൻ കല
വാഴമരങ്ങിൽ
ഇളമനസ്സൊരു നവ ഭ്രമിക
വാഴ്ത്തിയ
നാളുകൾനന്മ
തെളിക്കുകയായി
സാന്ത്വനമതമായ് പടരുന്നു
അത്

മണ്ണിന് പച്ച പകർത്തുന്നു....
ചുവടുകളിൽ
കളകാഞ്ചിയുഴിഞ്ഞും
മിഴിയിണയിൽ മഴവില്ല്
വിരിച്ചും
നേരുകളാഴ്ത്തിയൊരാലപ്പുഴ
യുടെ
സ്വാഗത
ഗീതമുയർത്തുകയായി

സംഘബലത്താൽ പൂക്കട്ടെ,
പുതു
സർഗവസന്തമൊരുക്കട്ടെ,അത്
കതിർമണിപോലെ
ചിരിക്കട്ടെ,

(ഈ സ്കൂളിലെ അധ്യാപകനായ ശ്രീ പുന്നപ്ര ജ്യോതികുമാർ രചിച്ച ഈ ഗാനമാണ് 59 മത്തെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ സ്വാഗതഗാനമായി തെരഞ്ഞെടുക്കപ്പെട്ടത്)

# തത്തമ്മ

തത്തമ്മേ  വാ.....തത്തമ്മേ  വാ
പച്ചയുടുപ്പിട്ട് വാ വാ വാ
തത്തമ്മേ  വാ.....തത്തമ്മേ  വാ
പറന്നു പറന്നു വാ വാ വാ
തത്തമ്മേ  വാ.....തത്തമ്മേ  വാ
നെൽക്കതിർ കൊത്താൻ വാ വാ വാ
തത്തമ്മേ വാ.....തത്തമ്മേ വാ
കുഞ്ഞിത്തത്തമ്മേ വാ വാ വാ


പാർവതി II A



## സി.വി.ശ്രീരാമൻ


1933-2007

തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു.
കഥാകൃത്ത്,രാഷ്ട്രീയനിരീക്ഷകൻ,അഭിഭാഷകൻ
കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര -
സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ
വഹിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത്,ബ്ലോക്ക്
പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റ് ആയിരുന്നു
വാസ്തുഹാര,ക്ഷുരസ്യധാര,ഓർമ്മച്ചെപ്പ്
,തീർത്ഥക്കാവടി,പുറംകാഴ്ചകൾ തുടങ്ങിയവ കൃതികൾ
കേരള സാഹിത്ര അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്





## നാരായൻ

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പെടുന്ന
കുടയത്തൂരിൻ 1940 സപ്തംബർ 26 ന ജനിച്ചു.
'കൊച്ചരേത്തി' യാണ് ആദ്യനോവൽ.ഊരാളി-
ക്കുടി,വന്നല,ആരാണ് തോല്ക്കുന്നവർ,കഥകൾ
-നാരായൻ എന്നിവയാണ്
കൃതികൾ.'കൊച്ചരേത്തി'ക്കു
കേരള സാഹിത്യ അക്കാദമി അവാർഡ്
ലഭിചിട്ടുണ്ട്.



# മൊണാലിസ-ഡാവിഞ്ചി

വിശ്വപ്രസിദ്ധ ചിത്രകാരൻ ലിയനാർഡോഡാവിഞ്ചിയുടെ മാസ്റ്റർപീസ് രചനയാണ് മൊണാലിസ.സ്ത്രീ സൗന്ദര്യത്തിന്റെ പ്രതീകമാണിത്.നിഗൂഢവും വിശ്വവുമായ ഒരു പുഞ്ചിരി സുന്ദരിയുടെ മുഖത്ത് കാണാം.ഈ പുഞ്ചിരിയുടെ രഹസ്യം അന്വേഷിച്ച് കൊണ്ടിരിക്കുന്നു .1503-ലാണ് ഈചിത്രം രചിച്ചത്.ഇറ്റലിയിലും ഫ്രാൻസിലും ഈ ചിത്രം 'ലാഗിയാക്കോണ്ട' എന്നാണറിയപ്പെടുന്നത്.ഈ ചിത്രത്തിന് മോഡലായി നിന്ന വനിതയെകുറിച്ചും തർക്കം നിലവിലുണ്ട്.ഫ്രാൻസിക്കോ ദി ബർത്തലോമിയോ ദെൽ ഗായിക്കോണ്ടോ എന്ന ഫ്ളോറൻസ് കാരനായ കച്ചവടക്കാരന്റെ 24-കാരിയായ മൂന്നാം ഭാര്യയാണ് ഇതെന്ന് സ്ഥിതീകരിച്ചിട്ടുണ്ട്. കോടികണക്കിന് രൂപവിലയുള്ള ഈ ചിത്രം പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ സൂക്ഷി-ച്ചിരിക്കുന്നു.



ഡാവിഞ്ചി തന്നെ ഈ ചിത്രം പകർത്തി വരച്ചിട്ടുണ്ട് .1511-ൽ ഈ ചിത്രം മോഷ്ടിക്കപ്പെടുകയും,പിന്നെ തിരികെ ലഭിക്കുകയും ചെയ്തു.നെപ്പോളിയൻ ബോണാപാർട്ടിന്റെ കിടപ്പറ അലങ്കരിക്കാനുള്ള ഭാഗ്യവും ഈ ചിത്രത്തിന് ലഭിച്ചിട്ടുണ്ട്.ഫ്രാൻസിലെ യുവരാജാവായിരുന്ന ഫ്രാൻസിസ് ഒന്നാമനാണ് ഇതിന്റെ ആദ്യ ഉടമ

# അഴകായൊഴുകും ആലപ്പുഴ



വലിയഴീക്കൽ ഗവ.എച്ച്.എസ്.എസ്
2018-2019 അധ്യയന വർഷത്തെ
മികവുത്സവത്തിന്റെ ഭാഗമായി ആലപ്പുഴയുടെ
ചരിത്രം ക്രമീകരിച്ച്
രംഗാവിഷ്കാരം സജ്ജമാക്കുന്നു.പള്ളിക്കൂടത്തിന്റെ 14 കുട്ടികൾ
ചേർന്നാണ് അവതരിപ്പിക്കുന്നത്. സംഘകാല പരാമർശം മുതൽ
വള്ളംകളി വരെയുള്ള ചരിത്രം ഇതിൽ പ്രതിപാദിക്കുന്നു.



# അമ്മ

അമ്മതൻ സ്നേഹം
ഇന്നും ഞാൻ ഓർക്കുന്നു

പൈതലേ.....

ഇന്നലെ നീ എൻ മടിത്തട്ടിൽ

ചാഞ്ഞനേരം

സൂര്യ സായാഹ്ന പിന്നിലെ നിലാവ്

പൂവണിയും നേരം

പൂത്തിരി കത്തിച്ച പാതിര

പൂവും പിന്നെ....

പൂത്തിരുവാതിര രാവിൽ

പൂനിലാവും..

ആനന്ദമാകുന്നെൻ കവിൾ



# പഴഞ്ചൊല്ലുകൾ

- കാക്ക കുളിച്ചാൽ കൊക്കാകുമോ
- മത്ത കുത്തിയാൽ കുമ്പളം മുളക്കുമോ.
- കുംഭത്തിൽ മഴപെയ്യ്താൽ കുപ്പയിലും മാണിക്യം
- വിതച്ചതേ കൊയ്യൂ.
- കാര്യം കാണാൻ കഴുതക്കാലും പിടിക്കണം.
- മിന്നുന്നതൊന്നും പൊന്നല്ല.
- സമ്പത്ത് കാലത്ത് തൈ പത്ത് നട്ടാൽ ആപത്ത്കാലത്ത് കാപത്ത് തിന്നാം.
- മിന്നുന്നതെല്ലാം പൊന്നല്ല
- അഴകുള്ള ചക്കയിൽചുളയില്ല
- കാക്കയ്ക്കും തൻ കുഞ്ഞ് പൊൻ കുഞ്ഞ്

സമ്പാദക

ഗൗരി.ആർ

Ix A

## മുത്തശ്ശി മാവ് കഥപറയുന്നു



ഹായ് കൂട്ടുകാരേ,
ഞാൻ മുത്തശ്ശി മാവ്. എന്റെ കഥപറയുവാനാണെങ്കിൽ ഒരുപാടുണ്ട്. മഞ്ചാടിക്കുന്നിലെ ഒരുവലിയമാവ്, അതാണ് എന്റെ അമ്മ. ആ മാവിലെ ഒരു ശാഖയിൽ ഞങ്ങൾ മൂന്ന് പഴുത്ത് തുടുത്ത മാമ്പഴങ്ങളായിരുന്നു.
ഒരുനാൾ മാഞ്ചാടിക്കുന്നിലെ
കുട്ടികൾ മാഞ്ചോട്ടിൽ കളിക്കുവാനായിവന്നു.അവർ ഏഴെട്ടുപേരുണ്ടായിരുന്നു.അവർ
ഒരുപാട് കളികൾ കളിച്ചുക്ഷീണിച്ച് മാഞ്ചോട്ടിൽ വന്നിരുന്നു.ഞങ്ങൾ മൂന്ന് പേരുമായിരുന്നു ആ മാവിലെ മാങ്ങകളിൽവച്ച് സുന്ദരന്മാർ.ആ സമയം ഒരു വലിയ കാറ്റ് വീശി. ഞാൻ താഴെവീണു. ആ കുട്ടികളിൽ ഒരു വണ്ണമുള്ള പയ്യൻവന്ന് എന്നെയെടുത്തു കഴിച്ചു. എന്നാൽ അവനൊരുനല്ലകാര്യം ചെയ്തു. എന്നെ ഒരു പേപ്പറിൽപൊതിഞ്ഞ്  പുറത്തേക്കിട്ടിട്ട് അവർ തിരികേപോയി.വർഷങ്ങൾ കഴിഞ്ഞുപോയി ഞാൻ വളർന്നു വലുതായി പടർന്നു പന്തലിച്ചു.ഇപ്പോൾ എന്റെ കൊമ്പിലുമുണ്ട് മൂന്ന് തേൻവരിക്കാമാങ്ങകൾ.

# പൂപ്പാട്ട്



തുമ്പപൂവേ പൂത്തിരളേ
നാളേക്കോരു ചട്ടി പൂതരണേ
കാക്ക പൂവേ പൂത്തിരളേ
നാളേക്കോരു വട്ടി പൂതരണേ
മുല്ലപ്പൂവേ പൂത്തിരളേ
നാളേക്കോരുവട്ടി പൂതരണേ
പിച്ചിപ്പൂവേ പൂത്തിരളേ
നാളേക്കോരു വട്ടി പൂതരണേ

കാക്കപ്പൂവേ പൂത്തിരളേ
നാളേക്കൊരുവട്ടി പൂ തരണേ....
ജമന്തിപ്പൂവേ പൂത്തിരളേ
നാളേക്കൊരുവട്ടി പൂ തരണേ....
പൂവേ പൊലി പൂവേ പൊലി
പൂവേ പൂവേ
പൂവേ പൊലി പൂവേ പൊലി
പൂവേ പൂവേ.



പൗർണമി
I A

## ആനയും കുട്ടിയും

ഒരിടത്ത് ഒരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു.അമ്മു എന്നായിരുന്നു അവളുടെ പേര്.അമ്മുവിന്റെ വീടിനടുത്ത് ഒരു കാടുണ്ടായിരുന്നു.അവൾക്ക് ആനകളെ വളരെ ഇഷ്ടമാണ്. ഒരു ദിവസം അമ്മു മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ കാട്ടാന ഇറങ്ങി.ആനയുടെ ശബ്ദം കേട്ട് കാട്ടിൽപോകാൻ അവൾ തീരുമാനിച്ചു.ഇക്കാര്യം അവൾ അമ്മയോട് പറഞ്ഞു.എന്നാൽ അമ്മ അവളെ കാട്ടിലേക്കുവിട്ടിരുന്നില്ല.അവൾ അമ്മയെ കാണാതെ കാട്ടിലേക്ക് ഓടിപ്പോയി.അമ്മുവിനെ പിന്നെ ആരും കണ്ടിട്ടില്ല.തീരാദുഃഖത്തോടെ അനാഥയായ ആ അമ്മ കരഞ്ഞുകോണ്ടയിരുന്നു.



ഇതാണ് പറയുന്നത് മുതിർന്നവർ പറഞ്ഞാൽ അനുസരിക്കണം.

## അന്ധർ

കാഴ്ച നഷ്ടപ്പെട്ടൊ മനുഷ്യാ...........
നിന്റെ കാഴ്ച നഷ്ടപ്പെട്ടോ.. മനുഷ്യ.
അന്ധർ അവർ അന്ധരല്ല
അവർ പുറം കാഴ്ചയെ
അകക്കണ്ണുകൊണ്ട് ഉള്ളിലാക്കും.
കണ്ണു തുറന്നിട്ടും തുറക്കാത്തതായി ഭാവിക്കുന്ന
നിന്റെ കണ്ണ് നിനക്ക് ആവശ്യമുണ്ടോ?
ജീവിതത്തിന്റെ തുടുപ്പിന്റെ
താളം നിലയ്ക്കുന്ന സമയമെങ്കിലും നിന്റെ
നേത്രത്തിന്റെ ചങ്ങലക്കയർ
പൊട്ടിച്ചെറിയുമൊ-നീ
പറയൂ.... മനുഷ്യാ.... നീപറയൂ ....
ഉപയോഗ ശൂന്യമായ നിന്റെ
കണ്ണ് നീ പറിച്ചെറിയൂ
ഒരു നാഴിക നീ നിന്റെ നേത്രം
ലോകം കാണത്തവർക്ക് നൽകിയാൽ-അവർ
ലോകത്തിലെ തിന്മയെ തുത്തെറിയും-തീർച്ച
പഞ്ച പുച്ഛ മടക്കി ജീവിക്കുന്നതിലും നല്ലതല്ലേ
നിന്റെ തബലയുടെ നാദം
നീ കൊട്ടിനിർത്തുന്നത്.
മനുഷ്യാ നീ കണ്ണ് തുറക്കു
കണ്ണ് തുറക്കു-നിനക്കു ചുറ്റും
ഇനിയെങ്കിലും.........................

# പശ്ചാത്താപം



ഒരിടത്തൊരിടത്ത് ഒരു മരപ്പൊത്തിൽ ഒരു അമ്മതത്തയ്ക്കും അച്ഛൻതത്തയ്ക്കും കുഞ്ഞുങ്ങൾ പിറന്നു. അവിടെ അടുത്തുള്ള ഒരു വീട്ടിലെ കുട്ടി മരപ്പൊത്തിലെ തത്തക്കുഞ്ഞുങ്ങളെ കാണാൻ അവളുടെ കൂട്ടുകാരികളുമായി വന്നു. തെങ്ങിന്റെ ദൂരമുള്ള ഭാഗത്ത് കൂട് ഇരുന്നതിനാൽ അവർ ഒരു തെങ്ങുകേറ്റക്കാരനെ വിളിച്ചു കൊണ്ട് വന്നു. തങ്ങൾക്ക് ആ കൂട് വേണമെന്നും അവർ ആവശ്യപ്പെട്ടു. പൈസകിട്ടുന്നകാര്യമായതുകൊണ്ട് തെങ്ങുകേറ്റക്കാരൻ സമ്മതിച്ചു. അങ്ങനെ തെങ്ങുകേറ്റക്കാരൻ തെങ്ങിൽ കയറി കൂട് എടുത്തു. ആ കുട്ടി തത്തയെ വീട്ടിൽ കൊണ്ട്പോയി ഒരു കൂട്ടിൽ അടച്ചു. അതിന് ഒരുപാട് ഭക്ഷണവും പനയോലകളും കൊടുത്തു.

പക്ഷെ അതൊന്നും കഴിച്ചില്ല. അമ്മയുടെ അടുത്ത് കാര്യം തിരക്കിയപ്പോൾ അതിനെ തിരി-കെ കൊണ്ട്പോയി കൂട്ടിൽ തന്നെ വെയ്ക്കാനെന്നും അമ്മ പറയഞ്ഞു. എന്നാൽ അവൾ അത് കേട്ടില്ല. പിറ്റെ ദിവസം അവൾ ചെന്നപ്പോൾ കൂട് തുറന്ന് കിടക്കുന്നു. അവൾ അമ്പരന്ന് പോയി ! അവൾ അമ്മയുടെ അടുത്ത് കാര്യം തിരക്കി. അമ്മയാണ് കൂട് തുറന്ന് വിട്ടതെന്ന് പറഞ്ഞു. എന്നിട്ട് വിശദീകരിച്ചു: മോളേ അർഹതപ്പെട്ടവരുടെ സ്വാതന്ത്ര്യം പിടിച്ചുവെയ്ക്കരുത്.

ഒരുനാൾ നിന്റെ സ്വാതന്ത്ര്യം പിടിച്ചു വെയ്ക്കുമ്പോഴെ നിങ്ങൾക്ക് അതിന്റെ വില മനസ്സിലാകു

താൻ ചെയ്ത തെറ്റ് അവൾക്ക് മനസ്സിലാകുകയും ചെയ്തതെറ്റിന്റെ പേരിൽ അവൾ പശ്ചാത്തപിക്കുകയും ചെയ്തു. കൂടാതെ ഇനിയൊരിക്കലും താൻ ഈ തെറ്റ് ആവർത്തിക്കുക-യില്ലെന്നും പ്രതിജ്ഞചെയ്തു.

താൻ ചെയ്ത തെറ്റ് മനസ്സിലാക്കി തിരുത്തുന്നവനാണ് ജ്ഞാനി....

# ലഹരിയുടെ ഉപയോഗം കേരളത്തിൽ

കേരളം ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങൾക്കും പലകാര്യങ്ങളിലും മാതൃകയായി എന്ന് പറയാറുണ്ട്. എന്നാൽ ഇന്ന് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ പോലെ തന്നെ കേരളത്തിലും ലഹരിയുടെ ഉപയോഗം വ്യാപകമാകുകയാണ്. ലഹരിയുടെ അമിത ഉപയോഗം



മൂലം കേരളത്തിലെ ഒട്ടനവധി ആളുകളും ക്യാൻസർ രോഗത്തിന് അടിമയാകുകയാണ്. ഇന്ന് വിദ്യാലയങ്ങളിൽ പഠനം അഭ്യസിക്കുന്ന കുട്ടികൾ പോലും കഞ്ചാവ്, മദ്യം മുതലായ ലഹരി വസ്തുക്കൾ ഉപയോഗിക്കുകയാണ്. സർക്കാരിന്റെ ഉത്തരവോടെ തന്നെ ഇന്ന് മദ്യം വില്ക്കുന്ന സ്ഥാപനങ്ങൾ ഏറി വരികയാണ്. കേരളത്തിൽ ലഹരിയുടെ ഉപയോഗം വർദ്ധിക്കാനുള്ള ഒരു കാരണം സർക്കാർ തന്നെയാണ്. മദ്യം മാരകവിഷം എന്നു മനസ്സിലാക്കാതെയാണ്

ഓരോ വ്യക്തികളും ഇതിന്റെ ഉപയോഗം രൂക്ഷമാക്കുന്നത്. സമൂഹത്തിലെ ഒരു കുട്ടിയെങ്കിലും ലഹരിയെ വെറുത്തിരുന്നുവെങ്കിൽ ലഹരിയുടെ ഉപയോഗം തുടച്ചകറ്റാമായിരുന്നു. ഇന്നു പിഞ്ചുകുഞ്ഞുങ്ങൾ വരെ വളർന്നു വരുന്നത് ലഹരിയെക്കുറിച്ച് വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ്. ഓരോ വ്യക്തിയിലും ലഹരിവസ്തുക്കളാണ് അമൃത് എന്ന കാഴ്ചപ്പാടിനെ വളർത്തുകയാണ് ഓരോ മാതാപിതാക്കളും ചെയ്യുന്നത്. ആദ്യം വിദ്യാർത്ഥികളിൽ നിന്ന് മാരകവിഷമായ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കണം. അതിലൂടെ വരും തലമുറയിലെ ആളുകളെങ്കിലും മദ്യപാനത്തെ വെറുക്കട്ടെ. ഇങ്ങനെയൊരു ലഹരിവിമുക്ത കേരളം സൃഷ്ടിക്കാൻ കഴിയട്ടെയെന്ന് പ്രാർത്ഥിക്കാൻ മാത്രമേ ഓരോ മാതാപിതാക്കൾക്കും കഴിയൂ. തന്റെ തെറ്റുകൾ തന്റെ മക്കൾ ആവർത്തിക്കാത്തതിന് സന്തോഷിക്കനും കഴിയും. സമൂഹത്തിൽ നിന്നുതന്നെ ലഹരിയെ നീക്കം ചെയ്യുമ്പോൾ ഒരു ലഹരിവിമുക്ത കേരളം രൂപം കൊള്ളും. "ഇനി ഓരോ മനുഷ്യർക്കും ഒരു ലഹരിവിമുക്ത കേരളം സ്വപ്നം കാണാനും അതു സഫലമാക്കാനും കഴിയട്ടെ."

നന്ദന(IX A)

# **പി.ഭാസ്കരൻ** (1924-2007)

കവി, ഗാനരചയിതാവ്, ചലചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തഥൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധപൻ, ഏഷ്യനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര-കേരള,സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ.സി ഡാനിയൽ അവാർഡ് എന്നീ



ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും, ഗർജിക്കുന്ന, ഓടക്കുഴലും ലാത്തിയും, ഒരിക്കൽകൂടി, കായൽകാറ്റ്, രണഭേരി, കർഷക-ഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം (കവിതകൾ), ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയുനിപ്പാല് (ഗാനസമാഹാരങ്ങൾ), കാടാറുമാസം, സിനിമാനിർമാണം(ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.

# പൂങ്കാവനം

തലയാട്ടി തളരാതാടും മാമര നിരയുണ്ടേ-ഉള്ളിൽ
തിരനീക്കി കളിയാടുന്നൊരു പൂങ്കാവനമുണ്ടേ...
തളിരുണ്ടേ, കുളിരുണ്ടേ, മധുരക്കനിയുണ്ടേ-എന്നും
ചിരിതൂകി, ചിരിതൂകി, പൂക്കളമെഴുതുന്നേ....

അണ്ണാറക്കണ്ണനു ചാടിരസിക്കാൻ
ഉണ്ണിക്കരുകിൽ പന്തലുകെട്ടാൻ
മണ്ണിൽ കരയിലെ മെത്തവിരിക്കാൻ
ഒരു മരമുണ്ടേലുണ്ടോണം
പെരുമരമുണ്ടേലുണ്ടോണം.



കുഞ്ഞിയുറുമ്പിനു കേറിപരതാൻ
കുഞ്ഞിക്കുയിലിനു പാടിരസിക്കാൻ
കാക്കപ്പെണ്ണിനു കൂട് ചമയ്ക്കാൻ
ഒരു മരമുണ്ടേലുണ്ടോണം
പെരുമരമുണ്ടേലുണ്ടോണം.

കരിമുകിൽ മാലകൾ മുട്ടിവിളിക്കാൻ
പെരുമഴയേകി കവിതകൾ പാടാൻ
കവിയും പുഴയുടെ പുളകം കാണാൻ
ഒരു മരമുണ്ടേലുണ്ടോണം
പെരുമരമുണ്ടേലുണ്ടോണം.

അരയാൽ, പേരാൽ മരമായാൽ
കയ്പും കാഞ്ഞിര മരമായാൽ
മധുരമുതിർക്കും മാവായാൽ
ഒരു മരമുണ്ടേലുണ്ടോണം
പെരുമരമുണ്ടേലുണ്ടോണം.

സ്നേഹപൊന്നൂഞ്ഞാൽ കെട്ടാൻ
കൂത്താട്ടത്തകൃതികൾ കാട്ടാൻ
കൂവിവിളിക്കാൻ കേളികളാടാൻ
ഒരു മരമുണ്ടേലുണ്ടോണം

**പെരുമരമുണ്ടേലുണ്ടോണം.**

# അമ്മതൻ മടിത്തട്ട്

എന്നും ഞാൻ ഓർക്കുകയാണ് എൻ

അമ്മതൻ മടിയിലെ ....മാധുര്യം

മാധുര്യനൊമ്പര  താരാട്ട് പാടി

ത്തന്നൊരു അമ്മതൻ കാലം



എൻഅമ്മതൻ മുഖം പൂ

ത്തുലയുകയാണെൻ മനസ്സിൽ

എൻമനസ്സിലെ കണ്മണി

ദേവിയാണെൻഅമ്മ

എൻ മനസ്സിലെ അമൃതം

ആണ് അമ്മ

എൻ മനസ്സിലെ ഒളിചിന്നി മാറി

പുഞ്ചിരിയാണെൻ അമ്മ

എന്നും ഞാൻ ഓർക്കുക

യാണ്  അമ്മതൻ മടിയിലെ ....മാധുര്യം

എന്നും ഞാൻ ഓർക്കുക

യാണ്  അമ്മതൻ മടിയിലെ ....മാധുര്യം

അപർണ ഷിബു, X B

**ധാർമ്മികബോധം വിദ്യാർത്ഥികളിൽ**

ഇന്ന് നമ്മുടെ സമൂഹത്തിൽ വിദ്യാർത്ഥികളിൽ ഉണ്ടാകേണ്ട ധാർമ്മിക ബോധം എന്ന കർത്തവ്യം ദിനംപ്രതി നശിച്ചുകൊണ്ടിരിക്കുകയാണ്.ധാർമ്മികബോധത്തെക്കുറിച്ച് എല്ലാവരും മറന്നുപോകുന്നു. വിദ്യാർത്ഥികളിൽ പ്രത്യേകിച്ച് തങ്ങിനിൽക്കേണ്ട ധാർമ്മികബോധം അവരിൽ ഒരു അംശംപോലും കാണുന്നില്ല എന്നതാണ് പരമമായ സത്യം.

നമ്മുട ഭരണഘടനയും അതിന്റെ അഖണ്ഡതയും കാത്തുരക്ഷിക്കേണ്ടത് വിദ്യാർത്ഥികളിലെ ധാർമ്മികബോധങ്ങളിൽ ഒന്നാണ്. അതുപോലെ നമ്മുടെ സംസ്കാര-ത്തെ ഉയർത്തിപ്പിടിക്കുകയും നമ്മുടെ ബന്ധുത്വപരമായ മൂല്യങ്ങളെ സംരക്ഷിക്കുകയും, പ്രകൃതിയെ സംരക്ഷിക്കുകയും, നമ്മളിലും മറ്റുള്ളവരിലും സേവന മനോഭാവം വരുത്തേണ്ടതും വിദ്യാർത്ഥികളിൽ ഉടലെടുക്കേണ്ട ചില ധാർമ്മിക ബോധങ്ങളാണ്. എന്നാൽ ഈ ധാർമ്മികപരമായ കാര്യങ്ങൾ ഒന്നുതന്നെ അനുവർത്തിക്കാതെ വിദ്യാർത്ഥി സമൂഹം അധർമ്മപരമായ പ്രവർത്തനങ്ങളിൽ ദിനംപ്രതി ഏർപ്പെട്ടുകയാണ്. അക്രമണ പൂർണമായ ഒരു സമൂഹമാണ് ഇന്ന് വളർന്നുവരുന്നത്. ധർമ്മങ്ങളെയെല്ലാം മറന്ന് എല്ലാവരും തന്നെ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുന്നു. കൂടാതെ

പ്രകൃതിയെന്ന അമ്മയെ വരെ മനുഷ്യൻ കാർന്നുത്തിന്നുകയാണ്. മുതിർന്നവരിൽ ധാർമ്മികബോധം കുറയേറെയുണ്ട്. അതുമാത്രം പോര, വളർന്നുവരുന്ന വിദ്യാർത്ഥി സമൂഹത്തിനാണ് ധാർമ്മികതയുടെ പ്രാധാന്യം മനസ്സിലാക്കികൊടുക്കേണ്ടത്.

സജിൻ സന്തോഷ് Ix B

# സൗഹൃദം

ഒരിടത്തൊരിടത്ത് ഒരു കുട്ടിയുണ്ടായിരുന്നു.അവന്റെ പേര് വിവേക് എന്നായിരുന്നു.അവന് കണക്ക് വളരെ പേടിയായിരുന്നു.അവൻ കണക്ക് ക്ലാസ്സ് തുടങ്ങുമ്പോൾ വീട്ടിലേക്ക് ഓടും.

ഒരു ദിവസം അവന്റെ ക്ലാസ്സിൽ ഒരു പുതിയ കുട്ടി വന്നു. ആ കുട്ടിയുടെ പേര് ബിച്ചു എന്നായിരുന്നു.അവന് ഇംഗ്ലീഷ് എന്ന വിഷയത്തിനോട് താൽപര്യം കുറവായിരുന്നു.വിവേകും ബിച്ചുവും ഒരേ ക്ലാസ്സിൽ ഒരേ ബഞ്ചിലായിരുന്നു.വിവേക് ബിച്ചുവിന് ഇംഗ്ലീഷ് പറഞ്ഞ്കൊടുക്കും.ബിച്ചു വിവേകിന് കണക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു. അന്നുമുതൽ അവർ കൂട്ടുകാരായി.വിവേകിന്റെ വീട്ടിന്റെ അടുത്ത് ബിച്ചു ഒരു വീട് വാടകക്ക് വാങ്ങി താമസിച്ചു. കുറേ വർഷങ്ങൾ കഴിഞ്ഞു. അപ്പോൾ ബിച്ചു അവന്റെ നാട്ടിലേയ്ക്കുപോയി. അപ്പോൾ വിവേകിന് സങ്കടമായി. കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഒരു കത്ത് വന്നു. ബിച്ചുവിന്റെ കത്തായിരുന്നു അത്. ബിച്ചു വിവേകിന്റെ അടുത്തു വരുന്നുന്ന്. വിവേകിന് സന്തോഷം വന്നു. ബിച്ചു വന്നു .അവർ സന്തോഷത്തോടെ കഴിഞ്ഞു.

# വനവും മൃഗങ്ങളും



ഒരിടത്ത് ഒരിടത്ത് ഒരു വനം ഉണ്ടായിരുന്നു. അവിടെ കുറെ പക്ഷികളും മൃഗങ്ങളും ഉള്ള ഒരു വനമാണ്. അവിടെ ഏപ്പോഴും കളിയും ചിരിയുമുള്ള ഒരു വനമാണ് .അവിടുത്തെ പക്ഷികളും മൃഗങ്ങളും കൂട്ടുകാരാണ്. അങ്ങനെയൊരു ദിവസം കാട്ടിലെ രാജാവ് എല്ലാവരെയും വിളിച്ചു കൂട്ടി. അവിടെ പക്ഷികളും മാനും തത്തയും ആനയും കുറുക്കനും മൈനയും ഒക്കെ ഒത്തുകൂടി. ആന ചോദിച്ചു എന്തിനാണ് രാജാവേ കാട്ടിലുള്ള എല്ലാവരെയും വിളിച്ചുകൂട്ടിയത് ?"അതോ ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത അറിയില്ലേ നിനക്ക് "ആന പറഞ്ഞു ."എനിക്ക് അറിയില്ല "ഇന്ന് എന്റെ പിറന്നാളാണ് ഇന്ന് നമുക്ക് ഇവിടെ നല്ലയൊരു ആഘോഷം തന്നെ നടക്കണം ഈ വനത്തിൽ ഇന്ന് ആഘോഷങ്ങളുടെ ഉത്സവമാണ് ഇവിടെ എല്ലാം ഇന്ന് വലിയൊരാഘോഷമാണ് എല്ലാ മൃഗങ്ങളും പക്ഷികളും ഒത്തുചേരണം .ആന വിറക് ശേഖരിക്കാൻ പോയി. മുയൽ പായസം വെക്കാനുള്ള സാധനം വാങ്ങിക്കൊണ്ടുവന്നു .മൃഗങ്ങളും പക്ഷികളും വെവ്വേറേ സ്ഥലങ്ങളിൽപ്പോയ് എല്ലാവർക്കും കൊണ്ടുവരാൻ പറ്റുന്നത്രയും സാധനങ്ങളുംകൊണ്ടുവന്നു. അങ്ങനെ പായസം ,പച്ചടി,കിച്ചടി എല്ലാം വെച്ചു .എല്ലാവരും രാജാവിന് സമ്മാനങ്ങൾ കൊടുത്തു .ചിലർ പിറന്നാൾ ആശംസകൾ നേർന്നു .ചിലരൊക്കെ ആശംസകാർഡ് കൊടുത്തു .വനത്തിലുള്ള എല്ലാവരും ആശംസകളും ആശംസകാർഡും സമ്മാനങ്ങളും നൽകി .എപ്പോഴും എല്ലാവരും നല്ല മനസ്സോടെ നല്ല സന്തോഷത്തോടെയും കഴിയണമെന്നായിരുന്നു സിംഹരാജന്റെ ആഗ്രഹം .നല്ല മനസുള്ളവർക്ക് ജീവിതകാലം മുഴുവൻ ജീവിക്കാം.

ദേവിനന്ദന std IV

# സ്നേഹദൂരം

നിന്നിലേക്കെത്താനെത്ര

ദൂരമുണ്ടെനിക്ക് അറിയില്ല

ഒഴുകുമാ.. സ്നേഹം

അമ്മ നൽകിയ സ്നേഹം

അച്ഛൻ പഠിപ്പിച്ച സ്നേഹം

ആരും കണ്ടതില്ല ആ സ്നേഹം

എന്നുള്ളിൽ ഉറങ്ങുമാ... സ്നേഹം

സ്നേഹമെന്ന മൂന്നക്ഷരം

സന്തോഷമെന്ന ആർദ്രതയിലേക്ക്

എന്നെ നയിച്ചു

ഇനി എത്ര ദൂരമുണ്ടെന്ന്

എനിക്ക് അറിയില്ല

ശരണ്യ

# ദിമ്പൻ വമ്പൻ

ഒരിടത്ത് ഒരു കാട്ടിൽ ദിമ്പൻ എന്ന പേരുള്ള ഒരു ദിനോസറുണ്ടായിരുന്നു. ഒരു ദിവസം കാട്ടിലെ കൂട്ടുകാരെല്ലാം ചേർന്ന് പന്തുകളിക്കുന്നത് ദിമ്പൻ കണ്ടു. ദിമ്പൻ അവരോട് ചോദിച്ചു . "കൂട്ടുകാരെ എന്നെയും കൂടി കളിപ്പിക്കാമോ?" "ഇല്ല നിനക്ക് സൗന്ദര്യമില്ല.ഞങ്ങൾ നിന്നയുമായി കളിക്കില്ല സൗന്ദര്യമില്ലാത്തവരോട് കളിക്കാൻ എനിക്ക് ഇഷ്ടമില്ല".ദിമ്പന് വളരെ സങ്കടമായി.ദിമ്പൻ കളി കണ്ടുകൊണ്ടിരുന്നു .അപ്പോഴാണ് പന്ത് മരത്തിൽ കുടുങ്ങിയത്.അതു കണ്ടുകൊണ്ടിരുന്ന ദിമ്പൻ മരത്തിൽ നിന്ന് പന്ത് എടുത്തു കൊടുത്തു.അപ്പോൾ അവർ പറഞ്ഞു "ഹായ് നീ കൊള്ളാമല്ലോ വാ നിന്നെയും കളിപ്പിക്കാം."ദിമ്പൻ മൃഗങ്ങളുമായി പന്തുകളിച്ചു.ദിമ്പന് വളരെയധികം സന്തോഷമായി

നന്ദു .എസ്

VII A

# സാഹിത്യം

സർഗ്ഗലയതാളം പോൽ

ജീവിതമാം സാഹിത്യം

വീണതൻ നാദമാം

വിളക്കിലെ ദീപമാം

ആർദ്രമാം ശാന്തമാം സാഹിത്യം

തിരകളായി അലതല്ലും

ഉൾത്താരിൽ കാന്തിയേകുമാ സാഹിത്യം

അറിവിൻ പടവാൾ വീശുന്ന

നിശയിൻ കടലാണ് സാഹിത്യം

മാനത്ത് നിൽക്കും മഴവില്ലായ്

എൻ കിനാവിലെ സാഹിത്യം

അന്ധകാരം നിറയും നിശബ്ദമാം മനസ്സിൽ

വിടരും പ്രതിഷേധ മാറ്റൊലി സാഹിത്യം

ദേവയാനി.ജെ

# മനസ്സിലെ മൺവീണ

നൃത്തമാടീടും നിൻ നടനവേദികളിൽ

ആദ്യമായ് നിന്നെ ഞാൻ കാണവേ

നീയാടും നടനവും നിന്നുടെ നയനവും

എന്നുടെഹൃദയത്തിൽ പതിഞ്ഞുപോയി

ഞാനറിയാതെയെൻ മാനസമൺവീണ

നിന്നെക്കുറിച്ചോർത്ത് വീണമീട്ടി

ആ ഈണമൊക്കെയും ആരോമലെ

നിന്റെ അനുരാഗസ്നേഹത്തിൻ ആഴം കൂട്ടി

എൻ രാഗവേണുവിൽ പൂത്തൊരു ഗാനമായ്

നിന്നെ ഞാനോമലെ കാത്തുവെക്കാം

പങ്കിടാനാവാത്ത അനുരാഗസ്നേഹമായ്

എന്നുമെന്നോർമയിൽ ചേർത്തുവെക്കാം

# Quotes

There is nothing on this earth more to be prized than true friendship

-Thomas Aquinas

I would rather walk with a friend in the dark than alone in the light

-Helen Keller

The wise are wise only because they love.The fools are fools only because they think they can understand love

-Paulo Coelho


Feelings are just visitors,let them come and go

-unknown

collected by

INDRAJITH IX B





## മഹത് വചനങ്ങൾ

" ഭക്ഷണം കിട്ടാതെ മരിക്കുന്നതിനെക്കാൾ മനുഷ്യർ അമിതാഹാരം കാരണം മരിക്കുന്നതാണ് ഇനി
ലോകം കാണാൻ പോകുന്നത്

-യുവാൻ നോഹ ഹരാരി

ചരിത്രം സൃഷ്ടിക്കാൻ ആർക്കുമാകും,എന്നാൽ അതെഴുതാൻ ഒരു മഹാൻ തന്നെ വേണം

-ഓസ്കാർ വൈൽഡ്

സാധാരണക്കാരെ നിയമങ്ങൾ നിയന്ത്രിക്കുന്നു മഹാത്മാക്കളെ നിലപാടികളും

-മാർക്ക് ട്വയൻ

യഥാർഥ മികവ് എന്നെന്നും നിലനിൽക്കും

-അസിം പ്രേംജി

സ്ത്രീകൾ മിക്കപ്പോഴും ഓർമയിൽ നിന്നു നിഷ്കാസിതരാകും പിന്നെ ചരിത്രത്തിൽ നിന്നും

-ഡോറിസ് ലെസിങ്

ചിന്തകൾ വേദനാദരിതമാകുമ്പോൾ പ്രവർത്തികളാണ്

മികച്ച പ്രതിവിധി....

-സൽമാൻ റുഷ്ദി

നാം സമയം കൊല്ലാൻ വിധിക്കപ്പെട്ടവരാണ്,അങ്ങനെ കഷ്ടപ്പെട്ട്

മരിച്ചുകൊണ്ടിരിക്കുന്നു......

-ഒക്റ്ററവിയോ പാസ്

വേറൊരാളുടെ സാന്നിധ്യത്തിൽപ്പോലും ഒരാൾ വായിക്കുന്നത് തനിച്ചാണ്......

-ഇറ്റാലോ കാൽവിയോ

മനുഷ്യരാശിക്ക് അധികം യാഥാർഥ്യം ഉൾക്കൊള്ളാനാവില്ല.........

-ടി.എസ്.എലിയട്ട്

ചിന്തകൾ അടക്കിവെക്കാനല്ല,മനുഷ്യന് വാക്കുകൾ നൽകിയത്......

-ഷൂസെ സമരാഗു

ആത്മാവിനെ നഷ്ടപ്പെടുത്തി ലോകം നേടരുത്........

-ബൊബ് മാർലി

# ആൽമരത്തിന്റെ സങ്കടം

ആൽമര ചോപ്പിൽ ഞാൻ

തനിച്ചിരുന്നുറങ്ങവേ

ആൽമരം എന്നോടൊന്നു ചോദിച്ചു

എന്നെയും എന്റെ കൂട്ടുകാരേയും



നിങ്ങളീമനുഷ്യർ

നശിപ്പിക്കുന്നത് എന്തിന് ?

അതുപറഞ്ഞ് തന്റെ

കണ്ണിൽ നിന്നും ഒരു ചുടു

കണ്ണുനിർ ഒലിച്ചിറങ്ങുന്നതു

ഞാൻ കണ്ടു.

കേട്ടപാടെ എന്താണോ

എന്നിൽനിന്നും സങ്കടം

അണപൊട്ടിയൊഴുകി

# യുദ്ധം വരുത്തി വയ്ക്കുന്ന നഷ്ടങ്ങളും യുദ്ധത്തിന്റെ നിഷ്ഫലതയും

''മനുഷ്യത്വം'' എന്ന ഗുണത്തെ ഇല്ലതാക്കികൊണ്ട് ചരിത്രത്തിൽ സ്ഥാനം നേടിയ ഒന്നാണ് യുദ്ധം. സംസ്കാരത്തെയും നാഗരികതയുമൊക്കെ കല്ലിന്മേൽകല്ല് അവശേഷിക്കാതെ തകർക്കാനുള്ള സംഹാരശേഷി യുദ്ധത്തിനുണ്ട്.



ഹിരോഷിമയും,നാഗസാക്കിയും യുദ്ധത്തിന്റെ ബാക്കി പത്രങ്ങളാണ്. കോടികണക്കിനാളുകളുടെ മരണത്തിനിടയാക്കുന്ന യുദ്ധങ്ങൾ ഉണ്ടാക്കുന്ന നാഷനഷ്ടങ്ങൾ നിരവധിയാണ്. മനുഷ്യൻ അധ്വാനിച്ചുണ്ടാക്കി പുരോഗതികളെല്ലാം യുദ്ധം ഇല്ലാതാക്കുന്നു. ലോകത്തെ ദാരിദ്രത്തിലേക്ക് തള്ളിവിടുന്നതിൽ യുദ്ധങ്ങൾക്ക് വലിയ പങ്കുണ്ട്. വിലക്കയറ്റവും ഭക്ഷ്യക്ഷാമവും രൂക്ഷമാകുന്നു, ജീവജാലങ്ങൾക്ക് വംശനാശം സംഭവിക്കുന്നു, സാംസ്കാരികസ്ഥാപനങ്ങങ്ങൾ തകർക്കപ്പെടുന്നു ,വരും തലമുറയെപ്പോലും അനഥത്വത്തിലേക്ക് തള്ളിവിടുന്നു എന്നിങ്ങനെ യുദ്ധം വരുത്തിവയ്ക്കുന്ന വിപത്തുകൾ ഏറെയാണ്. കോടിക്കണക്കിനാളുകളാണ് ഇതുവരെ യുദ്ധത്തിൽ കൊല്ലപ്പെട്ടിട്ടുള്ളത്. അതിനേ-

ക്കാൾ മനുഷ്യൻ അനാഥരാക്കപ്പെട്ടിട്ടുണ്ട്. അധികാരത്തിനും സ്വർത്ഥലാഭങ്ങൾക്കും വേണ്ടിയാണ് അധികാരികൾ പലപ്പോഴും യുദ്ധങ്ങൾ സൃഷ്ടിക്കുന്നത്. കലിംകയുദ്ധത്തിനു ശേഷം



യുദ്ധഭൂമി സന്ദർശിച്ച അശോകചക്രവർത്തി അവിടുത്തെ കാഴ്ചകൾ കണ്ട് ഞെട്ടിപ്പോയി. അദ്ദേഹത്തിന്

മാനസാന്തര മുണ്ടായത് ആ ദുരന്തഭൂമി കണ്ടപ്പോഴാണ്. ഒന്നാം ലോക മഹായുദ്ധത്തിന്റെയും രണ്ടാം ലോക

മഹായുദ്ധത്തിന്റെയും ദുരന്തഫലങ്ങൾ അറിഞ്ഞമനുഷ്യൻ

പക്ഷെ ലോകത്തെ പലതവണ നശിപ്പിക്കാനുള്ള ആയുധങ്ങൾ ഇന്നും സംഭരിച്ചിരിക്കുന്നു..

മനുഷ്യനും പ്രകൃതിയും സംസ്കാരത്തിനും യുദ്ധങ്ങൾ ഏൽപ്പിക്കുന്ന



ആഘാതങ്ങൾ വാക്കുകൾക്കതീതമാണ്. ദുരന്തങ്ങളും

നഷ്ടങ്ങളും ഒടുങ്ങാത്ത അഭയാർത്ഥി പ്രവാ

ഹങ്ങളും ചോരച്ചാലുകളും സൃഷ്ടിക്കുന്ന യുദ്ധങ്ങൾ ഇനി

ഉണ്ടാകാതിരിക്കാനാണ് നാം ശ്രമിക്കണ്ടത്..................

ശ്രീജീവ് IX A

# നന്ദി

